REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു സേനാംഗങ്ങൾക്ക് കീർത്തിചക്ര - ശൗര്യചക്ര പുരസ്കാരങ്ങൾ സമ്മാനിച്ചു.
- ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തിരുവനന്തപുരത്തെത്തും.
- കേരളമടക്കം 23 സംസ്ഥാനങ്ങളിലെ BJP പ്രഭാരിമാരെയും സഹപ്രഭാരിമാരെയും നിയമിച്ചു. പ്രകാശ് ജാവദേക്കർ കേരളാ പ്രഭാരിയായി തുടരും.
- കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു.
- യൂറോകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ സ്പെയിനും ഫ്രാൻസും സെമിയിൽ.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു സേനാംഗങ്ങൾക്ക് ധീരതാ അവാർഡുകൾ സമ്മാനിച്ചു. കേന്ദ്ര സായുധ പൊലീസ് സേനയിലെയും സായുധ സേനയിലെയും സംസ്ഥാന പൊലീസിലെയും 36 പേർക്കാണ് പത്ത് കീർത്തിചക്രയും 26 ശൗര്യചക്രയും സമ്മാനിച്ചത്. ഇവയിൽ ഏഴ് വീതം കീർത്തിചക്ര - ശൗര്യചക്ര പുരസ്കാരങ്ങൾ മരണാനന്തര

ബഹുമതിയാണ്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാല് ദിവസത്തെ ഒഡീഷ സന്ദർശനം ഇന്ന് ആരംഭിക്കും. നാളെ പുരി ജഗന്നാഥ രഥോൽസവത്തിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിലെ ബിരുദദാന ചടങ്ങിൽ രാവിലെ അദ്ദേഹം പങ്കെടുക്കും. മി inകച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് മെഡലുകളും അദ്ദേഹം സമ്മാനിക്കും. തുടർന്ന് കൊല്ലത്തെത്തുന്ന ഉപരാഷ്ട്രപതി അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. നാളെ അദ്ദേഹം ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

കേരളമടക്കം 23 സംസ്ഥാനങ്ങളിലെ പ്രഭാരിമാരെയും സഹപ്രഭാരിമാരെയും BJP അധ്യക്ഷൻ J.P നദ്ദ നിയമിച്ചു. മുതിർന്ന നേതാവ് പ്രകാശ് ജാവഡേക്കർ കേരള പ്രഭാരിയായി തുടരും. മുൻ ഒഡിഷ കേഡർ IAS ഉദ്യോഗസ്ഥയും ഭുവനേശ്വർ MP-യുമായ അപരാജിത സാരംഗിയാണ് സഹപ്രഭാരി.

മുൻ കേന്ദ്ര സഹമന്ത്രിയും BJP ദേശീയ നിർവ്വാഹക സമിതി അംഗവുമായ V. മുരളീധരനെ എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ജോയിന്റ് കോർഡിനേറ്ററാക്കി. ഡോ. സംപീത് പത്ര MP-യാണ് കോർഡിനേറ്റർ. ദേശീയ സെക്രട്ടറി അനിൽ ആന്റണിയെ മേഘാലയ, നാഗാലാന്റ് സംസ്ഥാനങ്ങളുടെ പ്രഭാരിയായി നിയോഗിച്ചു.

✪✪✪

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് വേണ്ടി നടത്തുന്ന ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് പരീക്ഷ ഇന്ന്. 50 നഗരങ്ങളിലെ 71 കേന്ദ്രങ്ങളിലാണ് ദേശീയ മെഡിക്കൽ പരീക്ഷാ ബോർഡ് യോഗ്യതാ പരീക്ഷ നടത്തുന്നത്.

FMGE പരീക്ഷാ ചോദ്യം ചോർന്നുവെന്നും ചോദ്യപ്പേപ്പർ കൈവശമുണ്ടെന്നും സാമൂഹ്യ മാധ്യമങ്ങളിൽ വരുന്ന പ്രചാരണങ്ങൾ തികച്ചും അടിസ്ഥാന രഹിതമാണെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര മുന്നറിയിപ്പ് നൽകി.

✪✪✪

ഹത്രാസിൽ തിക്കിലും തിരക്കിലും പെട്ട് 121 പേർ മരിച്ച സംഭവത്തിൽ സത്സംഗ് മുഖ്യ സംഘാടകൻ ദേവ് പ്രകാശ് മധുകറിനെ ഉത്തർപ്രദേശ് പൊലീസ് അറസ്റ്റ് ചെയ്തു. ഇയാളെപ്പറ്റി വിവരം നൽകുന്നവർക്ക് ഒരു ലക്ഷം രൂപ പാരിതോഷികം നേരത്തെ പ്രഖ്യാപിച്ചിരുന്നു. സത്സംഗ് സംഘാടക സമിതി അംഗങ്ങളായിരുന്ന ആറ് പേരെ പൊലീസ്

അറസ്റ്റ് ചെയ്തതിന് തൊട്ടു പിന്നാലെയാണ് ദേവ് പ്രകാശ് മധുകറിന്റെ അറസ്റ്റ്.

⭘⭘⭘

ബ്രിട്ടനിൽ ലേബർ പാർട്ടി നേതാവ് കെയർ സ്റ്റാർമറെ ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമൻ പ്രധാനമന്ത്രിയായി നിയമിച്ചു. പൊതുതിരഞ്ഞെടുപ്പിൽ കൺസർവേറ്റീവ് പാർട്ടിയെ വൻ ഭൂരിപക്ഷത്തിൽ തോൽപ്പിച്ചാണ് ലേബർ പാർട്ടി വിജയം സ്വന്തമാക്കിയത്. 650 അംഗ പാർലമെന്റിൽ ഇതുവരെ ലേബർ പാർട്ടി 412 സീറ്റ് നേടി.

പ്രധാനമന്ത്രി നരേന്ദ്രമോദി അടക്കം ലോക നേതാക്കൾ U.K യുടെ പുതിയ പ്രധാനമന്ത്രി കെയർ സ്റ്റാർമറിനെ അഭിനന്ദിച്ചു.

ഇന്ത്യൻ വംശജ ലിസ നന്ദിയെ സംസ്കാര, മാധ്യമ, കായിക സ്റ്റേറ്റ് സെക്രട്ടറിയായി പ്രധാനമന്ത്രി കെയർ സ്റ്റാർമർ നിയമിച്ചു. കൊൽക്കത്തയിൽ ജനിച്ച അക്കാദമിക് വിദഗ്ധൻ ദീപക് നന്ദിയുടെയും ബ്രിട്ടീഷുകാരി ആൻ ലൂയിസ് ബയേഴ്സിന്റെയും മകളാണ് ലിസ.

⭘⭘⭘

കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. പയ്യോളിയിലെ കുളത്തിൽ കുളിച്ച പതിനാലുകാരനിലാണ് രോഗം കണ്ടെത്തിയത്. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ ഇന്നലെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. വൃത്തിഹീനമായ ജലാശയങ്ങളിൽ കുളിക്കാൻ ഇറങ്ങരുതെന്നും സ്വിമ്മിംഗ് പൂളുകൾ നന്നായി ക്ലോറിനേറ്റ് ചെയ്യണമെന്നും യോഗത്തിൽ മുഖ്യമന്ത്രി നിർദേശിച്ചു.

യൂറോകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ സ്പെയിനും ഫ്രാൻസും സെമിയിൽ പ്രവേശിച്ചു. ചൊവ്വാഴ്ച ആദ്യ സെമിയിൽ സ്പെയിനും ഫ്രാൻസും ഏറ്റുമുട്ടും.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്........

ആദ്യ ക്വാർട്ടർ ഫൈനലിന്റെ എക്സ്ട്രാടൈമിൽ ജർമ്മനിയെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് സ്പെയിൻ തോൽപ്പിച്ചത്. രണ്ടാം ക്വാർട്ടറിൽ ഫ്രാൻസ് പെനാൽറ്റി ഷൂട്ടൗട്ടിൽ പോർച്ചുഗലിനെ മൂന്നിനെതിരെ അഞ്ച് ഗോളുകൾക്ക് തോൽപ്പിച്ചു. നിശ്ചിത സമയവും അധിക സമയും ഇരുടീമുകളും ഗോൾരഹിത സമനില പാലിച്ചപ്പോഴാണ് മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീണ്ടത്. ആറാമത്തെ യൂറോകപ്പ് ടൂർണമെന്റ് കളിച്ച ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ വിടവാങ്ങലിനും ഈ മത്സരം വേദിയായി.

ഇന്ന് ആദ്യ ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ സമയം രാത്രി ഒൻപതരയ്ക്ക് ഇംഗ്ലണ്ട് - സ്വിറ്റ്സർലന്റിനെയും രണ്ടാം

ക്വാർട്ടറിൽ രാത്രി 12.30ന് നെതർലൻഡസ്, തുർക്കിയെയും നേരിടും.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ആതിഥേയർക്ക് 12 റൺസ് പരാജയം. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ ഇന്നലെ 192 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ നാല് വിക്കറ്റിന് 177 റൺസെടുത്ത് പുറത്തായി. ദക്ഷിണാഫ്രിക്ക നാല് വിക്കറ്റിന് 189 റൺസെടുത്തിരുന്നു.

രണ്ടാം മത്സരം നാളെ വൈകിട്ട് ഏഴിന് ഇതേ വേദിയിൽ നടത്തും. ചൊവ്വാഴ്ചയാണ് മൂന്നാം മത്സരം.

✪✪✪

സ്വച്ഛത പഖ്വാഡ ക്യാംപയിന്റെ ഭാഗമായി കോഴിക്കോട് സിൽവർ ഹിൽസ് സ്കൂളിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടി രാവിലെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ഭാരത് പെട്രോളിയം കോർപ്പറേഷനാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്. ഡോ.ശ്യാമപ്രസാദ് മുഖർജി അനുസ്മരണ സമ്മേളനത്തിലും അദ്ദേഹം പങ്കെടുക്കും. ഇന്നലെ കോഴിക്കോട്ടെത്തിയ കേന്ദ്ര സഹമന്ത്രിയെ BJP ജില്ലാ പ്രസിഡന്റ് V.K. സജീവന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. സുരേഷ് ഗോപി രാവിലെ കാക്കൂരിലെ ദശാവതാര ക്ഷേത്രത്തിൽ ദർശനം നടത്തും.

✪✪✪

കോട്ടയം പ്രസ് ക്ലബ്ബിന്റെ വിക്ടർ ജോർജ് അനുസ്മരണം ഉച്ചയ്ക്ക് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. K ഫ്രാൻസിസ് ജോർജ് MP അനുസ്മരണ പ്രഭാഷണം നടത്തും. പ്രസ് ക്ലബിന്റെ ന്യൂസ് ഫോട്ടോഗ്രഫി അവാർഡുകൾ ചടങ്ങിൽ സമ്മാനിക്കും. 2001- ജൂലൈ ഒൻപതിന് ഇടുക്കി വെള്ളിയാനി മലയിലെ ഉരുൾപൊട്ടലിലാണ് വിക്ടർ ജോർജ് മരണമടഞ്ഞത്.

✪✪✪

കുവൈറ്റ് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ദിവസത്തിനകം ധനസഹായ തുക കൈമാറുമെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു. ദുരന്തത്തിൽ മരിച്ച P.V. മുരളീധരൻ നായരുടെയും സജി വർഗീസിന്റെയും കുടുംബങ്ങൾക്ക് ധനസഹായം കൈമാറി സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന ഗവൺമെന്റിന്റെ അഞ്ചുലക്ഷം രൂപയും നോർക്കയുടെ ഒമ്പതുലക്ഷം രൂപയും അടങ്ങിയ ധനസഹായമാണ് ആശ്രിതർക്ക് വിതരണം ചെയ്യുന്നത്.

വർക്കലയിലെ ശ്രീജേഷിന്റെ കുടുംബത്തിന് മന്ത്രി V. ശിവൻകുട്ടി ഇന്നലെ വീട്ടിലെത്തി ധനസഹായം കൈമാറിയിരുന്നു.

കണ്ണൂർ ജില്ലക്കാരായ മൂന്ന് പേരുടെ ആശ്രിതർക്ക് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഇന്ന് ധനസഹായം കൈമാറും. ധർമ്മടത്തെ വിശ്വാസ് കൃഷ്ണ, കുറുവയിലെ അനീഷ് കുമാർ, വയക്കരയിലെ നിതിൻ എന്നിവരുടെ വീടുകളിലെത്തിയാണ് ധനസഹായം നൽകുന്നത്.

✪✪✪

തലശ്ശേരിയിലെ V.R കൃഷ്ണയ്യർ സ്മാരക മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം നഗരസഭക്ക് പാട്ട വ്യവസ്ഥയിൽ കൈമാറണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മന്ത്രി K രാജൻ അറിയിച്ചു. തലശ്ശേരി മണ്ഡലത്തിലെ വികസന പദ്ധതികൾ സംബന്ധിച്ച് സ്പീക്കർ A.N ഷംസീറും മന്ത്രി K രാജനും പങ്കെടുത്ത യോഗത്തിലാണ് തീരുമാനം. ഈ മാസം 11-ന് ചേരുന്ന യോഗത്തിൽ അന്തിമ തീരുമാനമെടുക്കും.

✪✪✪

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ ഈ മാസം 8,9 തിയതികളിൽ നടത്തുമെന്ന് അറിയിച്ച സമരത്തിൽ നിന്ന് പിൻമാറണമെന്ന് മന്ത്രി G.R. അനിൽ അഭ്യർത്ഥിച്ചു. സമരത്തിന് ആധാരമായി റേഷൻ വ്യാപാരികൾ ഉന്നയിച്ച കാര്യങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ചു വരികയാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വായനപക്ഷാചരണത്തോടനുബന്ധിച്ച് ഇടുക്കി ജില്ലാതല പരിപാടി രാവിലെ വാഴത്തോപ്പ് സെൻറ് ജോർജ്ജ് ഹൈസ്കൂളിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. ഭാഷാ വിദഗ്ദൻ ജോസ് കൊനോട്ട് മുഖ്യ പ്രഭാഷണം നടത്തും. ചടങ്ങിൽ വായനാപക്ഷാചരണ പ്രതിജ്ഞ ഇടുക്കി സബ്കലക്ടർ ഡോ. അരുൺ S. നായർ ചൊല്ലിക്കൊടുക്കും.

✪✪✪

ആസ്പിരേഷൻ ബ്ലോക്ക് സമ്പൂർണ്ണതാ അഭിയാൻ ലോഞ്ചിംഗിന്റെ രണ്ടാം ദിവസമായ ഇന്നലെ കാസർകോഡ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ പോഷൺ മേള സംഘടിപ്പിച്ചു. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

തിരുവനന്തപുരത്തെ മുതലപ്പൊഴി അപകടങ്ങളെപ്പറ്റി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ എടുത്ത കേസിൽ ഇന്ന് തിരുവനന്തപരുത്ത് പ്രത്യേക സിറ്റിങ് നടത്തും. അദാനി പോർട്ട്സ് അധികൃതരോട് സിറ്റിങ്ങിൽ നേരിൽ ഹാജരായി റിപ്പോർട്ട് നൽകാൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ മറ്റന്നാൾ വരെ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി പതിനൊന്നര വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

**പ്രശസ്ത ഫോട്ടോ ജേണലിസ്റ്റ് കണ്ണൂർ ചാലാട് സ്വദേശി പ്രശാന്ത് മുകുന്ദൻ നിര്യാതനായി. 65 വയസ്സായിരുന്നു. ഷാർജയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഗൾഫ് ടുഡേ ഇംഗ്ലീഷ് ദിനപത്രത്തിൽ ദീർഘകാലം സ്റ്റാഫ് ഫോട്ടോഗ്രാഫറായിരുന്നു.**

**ഒട്ടേറെ അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. സംസ്കാരം രാവിലെ കണ്ണൂർ പയ്യാമ്പലത്ത് നടത്തും.**

**അടൂരിൽ കൃഷി മന്ത്രിയുടെ ഡ്രൈവർ ഉൾപ്പെടെ ഏഴ് പേർക്ക് തെരുവുനായയുടെ കടിയേറ്റു. പരിക്കേറ്റവരെ അടൂർ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നായ ആക്രമണം തടയാൻ ശ്രമിച്ചപ്പോഴാണ് മന്ത്രിയുടെ ഡ്രൈവർ ശശിക്ക് കടിയേറ്റത്.**